പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1590 — 2/07/2015 ൽ മറുപടിക്ക്

## മൃഗസംരക്ഷണത്തിനായി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി .ജോർജ്ജ്: | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗസംരക്ഷണത്തിനായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;<br><br>ബി) ഇല്ലെങ്കിൽ എന്തൊക്കെ പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വിശദമാക്കുമോ; | (എ) യും (ബി)യും<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗസംരക്ഷണത്തിനായി നടപ്പിലാക്കിയ തുടർ പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1.മൃഗചികിത്സാ സേവനവും മൃഗാരോഗ്യവും ശക്തിപ്പെടുത്തലും - ഈ പദ്ധതിയിലൂടെ സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നു.<br>2.വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് - കന്നുകാലികൾക്കും പക്ഷികൾക്കും വേണ്ടിയുള്ള പ്രതിരോധ വാക്സിൻ ഉത്പാദിപ്പിക്കുന്നു.<br>3. കന്നുകുട്ടി പരിപാലന പദ്ധതി- കന്നുകുട്ടി പ്രായപൂർത്തിയാകുന്ന കാലയളവ് കുറയ്ക്കുന്നു. തീറ്റ സൗജന്യമായി നൽകുന്നു<br>4. ഫാമുകൾ ശക്തിപ്പെടുത്തൽ - വകുപ്പിന്റെ വിവിധ ഫാമുകളിൽ നിന്നും നല്ലയിനം ഉരുക്കളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകി വരുന്നു.<br>5. കാഫ് പ്രൊട്ടക്ഷൻ പ്രോഗ്രാം - 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി ശാസ്ത്രീയമായി കന്നുകുട്ടികളെ വളർത്തുന്നതിന് ധനസഹായം നൽകി വരുന്നു.<br>6. പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി- സ്കൂൾ കുട്ടികൾക്ക് മുട്ടക്കോഴികൾ സൗജന്യമയി വിതരണം നടത്തി ആഭ്യന്തര മുട്ട |

ഉത്പാദനം വർദ്ധിപ്പിക്കുന്നു.

ഇവകൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണത്തിനായി താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

1. ഗോവർദ്ധിനി - ചുരുങ്ങിയ കാലയളവ് കൊണ്ട് നല്ലയിനം കന്നുകുട്ടികളെ ഉത്പാദിപ്പിക്കുക.

2.രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം- വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണി വരെ കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജന്മാരെ നിയമിച്ച് മൃഗചികിത്സാ സേവനം നടത്തിവരുന്നു.

3. കാസർഗോഡ് ബദിയഡുക്കയിൽ ഒരു നാടൻ കന്നുകാലി ഫാം, ബേഡഡുക്കയിൽ പുതിയ ആട് ഫാം, മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4) ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് പഞ്ചായത്തിൽ ഒരു താറാവ് വളർത്തൽ ഫാം തുടങ്ങുവാനുള്ള നടപടികൾ ദ്രുതഗതിയിൽ നടക്കുന്നു.

| | |
|---|---|
| സി) കേരളത്തിൽ എത്ര മൃഗാശുപത്രികൾ നിലവിലുണ്ടെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും വിശദമാക്കുമോ ; പ്രസ്തുത ആശുപത്രികൾ പ്രയോജനപ്രദമല്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ; | സി) കേരളത്തിലെ മൃഗാശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. മൃഗാശുപത്രികൾ പ്രയോജനപ്രദമല്ലെന്ന പരാതികൾ ലഭിച്ചിട്ടില്ല. |

| | |
|---|---|
| ഡി) മൃഗാശുപത്രികളിൽ ആവശ്യത്തിന് മരുന്നും ഡോക്ടർമാരും ജീവനക്കാരും ഇല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശി ക്കുന്നതെന്ന് വിശദമാക്കുമോ; | ഡി) വെറ്ററിനറി ഡിസ്പെൻസറികളിൽ ഡോക്ടർമാർ ഇല്ലെന്ന പരാതിയെത്തുടർന്ന് ഒഴിവുള്ള തസ്തികകളിൽ അത്യാവശ്യം കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജൻമാരെ നിയമിക്കുന്നതിനു ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഒഴിവുള്ള മൃഗാശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കുന്നതാണ്. മൃഗാശുപത്രികളിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. 2014-15 വരെയുള്ള വർഷങ്ങളിൽ മൃഗസംരക്ഷണ വകുപ്പിലെ സ്ഥാപനങ്ങളിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി 8 കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നത്. എന്നാൽ കൂടുതൽ തുക ആവശ്യപ്പെട്ടതിൻപ്രകാരം ഈ വർഷം (2015-16) 9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപയോഗിച്ച് ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങി നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. മാത്രവുമല്ല മൃഗാശുപത്രികളിൽ മരുന്നിന് ആവശ്യം വരുമ്പോഴൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും മരുന്ന് വാങ്ങി മൃഗാശുപത്രികൾക്ക് നൽകുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്